**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം, തിരുവനന്തപുരം</u>**

വിഷയം- ആ.വ.ഡ- ജീവനക്കാര്യം- ശ്രീമതി.ശിവകുമാരി.സി, ഹെഡ് നേഴ്സ്, ജനറൽ ആശുപത്രി, തലശ്ശേരി അനധികൃതാവധിയ്ക്കുശേഷം ജോലിയിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം- 1. സർക്കാർ ഉത്തരവ് നം.(സാധാ) 845/2021/ആ.കു.വ(സി) . തീയതി.11/04/2021.
2. ശ്രീമതി.ശിവകുമാരി.സി യുടെ 19/04/2021 ലെ അപേക്ഷ.

**<u>ഉത്തരവ് നം.ഇ.ഇ 5/11993/2021/ആ.വ.ഡ. തീയതി.03/05/2021</u>**

കണ്ണൂർ ജില്ലയിലെ തലശ്ശേരി ജനറൽ ആശുപത്രിയിലെ ഹെഡ് നഴ്സായിരുന്ന ശ്രീമതി.ശിവകുമാരി.സി യെ അനധികൃതാവധിയ്ക്കുശേഷം ജോലിയിൽ പുനപ്രവേശിക്കുവാൻ അനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു.

അതിനാൽ ശ്രീമതി.ശിവകുമാരി.സി യുടെ പരാമർശം (2) പ്രകാരമുള്ള അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം ജില്ലയിലെ ജനറൽ ആശുപത്രി തിരുവനന്തപുരത്തിലെ ഹെഡ് നഴ്സിന്റെ നിലവിലെ ഒഴിവിലേയ്ക്ക് നിയമനം നൽകി ഉത്തരവാകുന്നു.

ശ്രീമതി.ശിവകുമാരി.സി സേവനത്തിൽ പുനപ്രവേശിക്കുന്നതിനുള്ള മേൽ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം സേവനത്തിൽ പുനപ്രവേശിക്കാത്ത പക്ഷം ടിയാളെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

ജോലിയിൽ പ്രവേശിച്ച തീയതി യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**(ഒപ്പ്)**
**ഡോ.ബിന്ദു മോഹൻ**
**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)**

സ്വീകർത്താവ്
ശ്രീമതി.ശിവകുമാരി.സി, ഹെഡ് നഴ്സ്

പകർപ്പ്
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ് സൈറ്റ്
2. സൂപ്രണ്ട്, ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ
3. സൂപ്രണ്ട്, ജനറൽ ആശുപത്രി, തിരുവനന്തപുരം, തിരുവനന്തപുരം
4. ജില്ലാ മെഡിക്കൽ ഓഫീസർ തിരുവനന്തപുരം, കണ്ണൂർ
5. ഫയൽ/കരുതൽ ഫയൽ

**//ഉത്തരവിൻ പ്രകാരം//**

**സൂപ്രണ്ട്**

ബി.ജി

൭൨